**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** **09-10-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന ഭവനപദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം 20 വ്യക്തിഗത ഗുണഭോക്താക്കളാണ് ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ആയതിൽ 15 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 5 പേർ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽപ്പെട്ട ഫിഷറീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ (വെസ്റ്റ് ഹിൽ ചുങ്കം) 80 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 13.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച് നിലവിലുള്ള രണ്ട് ബ്ലോക്കുകളുടെയും പൈലിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ സ്ലാബ് വർക്ക് പുരോഗമിക്കുന്നു. |
| (ബി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ